# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4461** **18.05.2017-ൽ മറുപടിയ്ക്ക്**

## നികുതി വരുമാനം, നികുതി കുടിശ്ശിക

| | ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 2006-11 ലെയും 2011-16 ലെയും സർക്കാരുകൾ ഓരോ വർഷവും ലക്ഷ്യമിട്ട തനത് നികുതി വരുമാനം, ലഭിച്ച വരുമാനം, ലക്ഷ്യത്തിൽ വന്ന കുറവ് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | 2006-11 ലെയും 2011-16 ലെയും സർക്കാരുകൾ ഓരോ വർഷവും ലക്ഷ്യമിട്ട തനത് നികുതി വരുമാനം, ലഭിച്ച വരുമാനം, ലക്ഷ്യത്തിൽ വന്ന കുറവ് എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു |

(തുക കോടി രൂപയിൽ)

| വർഷം | ലക്ഷ്യമിട്ട തനത് നികുതി വരുമാനം | ലഭിച്ച നികുതി വരുമാനം | ലക്ഷ്യമിട്ടതും ലഭിച്ചതും തമ്മിലുള്ള വ്യതിയാനം |
|---|---|---|---|
| 2006-07 | 11662.86 | 11941.82 | -278.96 |
| 2007-08 | 13789.79 | 13668.95 | 120.84 |
| 2008-09 | 15780.85 | 15990.18 | -209.33 |
| 2009-10 | 18228.28 | 17625.02 | 603.26 |
| 2010-11 | 20884.23 | 21721.69 | -837.46 |
| 2011-12 | 26641.53 | 25718.6 | 922.93 |
| 2012-13 | 32122.21 | 30076.61 | 2045.6 |
| 2013-14 | 38771.1 | 31995.02 | 6776.08 |
| 2014-15 | 42467.49 | 35232.5 | 7234.99 |
| 2015-16 | 45428.03 | 38995.15 | 6432.88 |

| | | | |
|---|---|---|---|
| (ബി) | 2011-16 കാലയളവിൽ സംസ്ഥാനത്ത് വർദ്ധിച്ചുവന്ന അഴിമതിയും സർക്കാർ സ്റ്റേകളും മൂലമുണ്ടായിട്ടുള്ള നികുതി കുടിശ്ശിക എത്ര; ഇത് നികുതി പിരിവിനെയും ധനസ്ഥിതിയെയും എപ്രകാരം ബാധിച്ചു വെന്ന് വ്യക്തമാക്കുമോ; | (ബി) | 2011-16 കാലയളവിൽ സർക്കാർ സ്റ്റേ മൂലം വാണിജ്യ നികുതിയിൽ 440.41 കോടി രൂപയുടെ കുടിശ്ശിക ഉണ്ടായി. ഇതുമൂലം ലക്ഷ്യമിട്ട തുക (പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ളത്) പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. ഓരോ വർഷവും വന്ന കുറവിന്റെ വിവരം ചുവടെ ചേർക്കുന്നു. |

<table>
<tr><td></td><td></td><td></td><td>(തുക കോടി രൂപയിൽ)

| വർഷം | കുറവ്/ കൂടുതൽ |
|---|---|
| 2011-12 | 131.56 ( കുറവ്) |
| 2012-13 | 229.95 ( കുറവ്) |
| 2013-14 | 1309.76 ( കുറവ്) |
| 2014-15 | 1288.63 ( കുറവ്) |
| 2015-16 | 50.87 (കുറവ്) |

ലക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ കഴിയാത്തത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചു.</td></tr>
<tr><td>(സി)</td><td>നികുതി മേഖലയിലെ സാങ്കേതിക നവീകരണത്തിന്റെ അഭാവവും നികുതി വകുപ്പിലെ സർവ്വറിന്റെ ശേഷി വർദ്ധിപ്പിക്കാത്തതും നികുതി വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കിയ സമയത്തുള്ള സോഫ്റ്റ് വെയർ തുടർന്നുവരുന്നതും നികുതി പിരിവിലെ കാര്യക്ഷമതയില്ലായ്മയും 2011-2016 കാലയളവിലെ നികുതി പിരിവിനെ ബാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;</td><td>(സി)</td><td>സർവ്വറിന്റെ ശേഷിക്കുറവ് നികുതി ഭരണത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നതിനാൽ ഈ സർക്കാർ അധികാരത്തിലെത്തിയശേഷം സർവ്വർ മാറ്റിസ്ഥാപിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>ഇതു സംബന്ധിച്ച് സി ആന്റ് എ.ജി. ചൂണ്ടിക്കാട്ടിയ പ്രധാന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;</td><td>(ഡി)</td><td>നികുതി പിരിവ് കൂടുതൽ കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിലേയ്ക്കായി സോഫ്റ്റ്-വെയറിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് സി ആന്റ് എ.ജി.യുടെ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(ഇ)</td><td>മുൻ സർക്കാരിനു ലഭിക്കേണ്ട വിവിധ നികുതികളുടെ സമാഹരണത്തിൽ എത്ര കോടി രൂപയുടെ സ്റ്റേ അനുവദിച്ചു എന്നും പ്രസ്തുത സ്റ്റേകൾ ഒഴിവാക്കി സർക്കാരിനു ലഭിക്കേണ്ട പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാനും നികുതി പിരിവ് കാര്യക്ഷമമാക്കാനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?</td><td>(ഇ)</td><td>മുൻ സർക്കാരിനു ലഭിക്കേണ്ട വിവിധ നികുതികളുടെ സമാഹരണത്തിൽ 4052.29 കോടി രൂപ (31/03/2016 വരെയുള്ളത്) സ്റ്റേ ഇനത്തിൽ ഉണ്ട്. പ്രസ്തുത സ്റ്റേകൾ ഒഴിവാക്കി സർക്കാരിനു ലഭിക്കേണ്ട കുടിശ്ശിക പിരിച്ചെടുക്കാനും നികുതി പിരിവ് കാര്യക്ഷമമാക്കാനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ</td></tr>
</table>

| | | | |
|---|---|---|---|
| | | | ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യു.<br>2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.<br>5. റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി<br>6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.<br>7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടി കൾ സ്വീകരിച്ചു.<br>8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിററ് വിഭാഗം ശക്തിപ്പെടുത്തി<br>9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതി ദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.<br>10. മെറ്റൽ ക്രഷർ യൂണീറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്ന തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 11. ദീർഘ കാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതി ലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.<br>12. അന്തർ സംസ്ഥാന വില്പനയുടെ കാര്യത്തിൽ സി ഫോം വെരിഫിക്കേഷനുവേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>13. ഇ-റിട്ടേണുകളിലും മറ്റ് രേഖകളിലും ഉള്ള പൊരുത്തക്കേടുകൾ കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ് വെയറിന്റെ വികസനം അവസാന ഘട്ടത്തിലാണ്.<br>14. ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>15. റെയിൽവേ വഴി സംസ്ഥാനത്തിനു പുറത്തേക്ക് കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.<br>16. ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളും ഇന്റലിജൻസ് സ്ക്വാഡുകളും വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നു.<br>17. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്ക കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.<br>18. വാണിജ്യ നികുതി വകുപ്പിന്റെ വിവിധ ചെക്ക് പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കടന്നു വരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും |

| | | | |
|---|---|---|---|
| | | | സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>19. കെട്ടിക്കിടക്കുന്ന അപ്പീൽ കേസുകൾ തീർപ്പാക്കുന്നതിനുവേണ്ടി അപ്പലേറ്റ് അധികാരികളുടെ എണ്ണം കൂട്ടിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## സി ആന്റ് എ.ജി. യുടെ നിർദ്ദേശങ്ങൾ

1. സെക്ഷൻ 20 (3) ന്റെ അടിസ്ഥാനത്തിൽ വാണിജ്യ നികുതി വകുപ്പ് കമ്മീഷണറുടെ പ്രത്യേക അനുമതിയില്ലാതെ ഒന്നിൽ കൂടുതൽ രജിസ്ട്രേഷൻ അനുവദിക്കാതിരിക്കാൻ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള കച്ചവട നിയമങ്ങൾ ശരിയായ വിധത്തിൽ രേഖപ്പെടുത്തി സോഫ്റ്റ് വെയർ കാര്യക്ഷമമാക്കേണ്ടതാണ്.
2. ഒന്നിലധികം രജിസ്ട്രേഷൻ ഉള്ള ഡീലർമാരുടെ നികുതി വെട്ടിപ്പ് തടയുന്നതിനായി KVAT Act Section 20 (4) പ്രകാരം അവരുടെ മൊത്തത്തിലുള്ള ടേണോവർ (വരവുചെലവ്) കണക്കാക്കാൻ പറ്റുന്ന വിധത്തിൽ സോഫ്റ്റ് വെയർ പുന:ക്രമീകരിക്കേണ്ടതാണ്.
3. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ദുരുപയോഗം ഒഴിവാക്കുന്നതിനായി വാണിജ്യ നികുതി വകുപ്പ് ഉപയോഗത്തിലല്ലാത്ത രജിസ്ട്രേഷൻ നമ്പറുകളുടെ ആനുകാലിക അപഗ്രഥനം നടത്തി, സെക്ഷൻ 16 പ്രകാരം അപേക്ഷിച്ച് താത്ക്കാലികമായ കച്ചവടം നിർത്തിയ കേസുകളിലൊഴിച്ച് രജിസ്ട്രേഷൻ പുതുക്കുന്നതിനോ 2 വർഷത്തിൽ കൂടുതൽ കച്ചവട വ്യവഹാരങ്ങൾ നടത്താത്ത വ്യാപാരികളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനോ ഉള്ള നോട്ടീസ് നൽകലും മറ്റു നടപടികളും സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.
4. ബാങ്ക് ജാമ്യങ്ങളുടെ കാലാവധി കഴിയുന്നതിനു മുമ്പേ തന്നെയോ വ്യാപാരികൾ ക്രയവിക്രയം നടത്തുന്ന സമയത്തോ കൃത്യമായ ജാഗ്രത നിർദ്ദേശം നൽകാൻ തക്കവിധം സോഫ്റ്റ് വെയർ പര്യാപ്തമാക്കേണ്ടതാണ്.
5. നികുതി ചുമത്തുന്നതിനുവേണ്ടി മൂല്യ നിർണ്ണയ അധികാരികൾ സ്വന്തം വിശകലനം വഴി നിർണ്ണയിച്ചിട്ടുള്ള നികുതി വിവരങ്ങൾ ഉൾക്കൊള്ളിക്കാൻ തക്കവിധം സോഫ്റ്റ് വെയർ പുനക്രമീകരിക്കേണ്ടതാണ്.
6. രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടുള്ളതും പുതുക്കാത്തതുമായ വ്യാപാരികൾ സംസ്ഥാനാന്തര വ്യവഹാരങ്ങളിൽ ഏർപ്പെടുമ്പോൾ അത് കണ്ടെത്തുന്നതിനും ജാഗ്രതാ നിർദ്ദേശം നൽകുന്നതിനും തക്കതായ നിയന്ത്രണം വകുപ്പ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതാണ്.
7. ഇ ടോക്കൺ എടുക്കുന്നതിനുള്ള ഇ-ഡിക്ലറേഷൻ ഘടനയിൽ ചരക്ക ഏറ്റു വാങ്ങുന്ന ആളുടെ ടിൻ / ചരക്ക അയയ്ക്കുന്ന ആളുടെ ടിൻ എന്ന് ഭാഗത്ത് ( ഫീൽഡിൽ ) സാധുവായ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തുന്നത് നിർബന്ധമാക്കേണ്ടതാണ്.
8. സ്വന്തം ആവശ്യങ്ങൾക്കായി നികുതിയടക്കാതെ ചരക്ക കടത്താനുള്ള അവകാശം ( സൗകര്യം ) ദുരുപയോഗം ചെയ്യാതിരിക്കാൻ അധിക തോതിൽ ചരക്ക് അയക്കുമ്പോൾ ആസൂത്രിതമായി ജാഗ്രതാ നിർദ്ദേശം നൽകാൻ തക്കവിധം വിവര ശേഖരണത്തിന് സോഫ്റ്റ് വെയർ സജ്ജമാക്കണം.
9. മടക്കിയേൽപ്പിക്കാത്ത ട്രാൻസിറ്റ് പാസ്സുകളുടെ വിവരങ്ങൾ അത്തരത്തിലുള്ള വാഹനങ്ങൾ കണ്ടെത്തുന്നതിന് യഥാസമയം ഇന്റലിജൻസ് വിംഗ് ഉൾപ്പെടെയുള്ള വകുപ്പ് അധികാരികൾക്ക് നൽകാൻ തക്കവിധം സോഫ്റ്റ് വെയർ സജ്ജമാക്കേണ്ടതാണ്.
10. എല്ലാ വ്യാപാര നിയമങ്ങളും സോഫ്റ്റ് വെയർ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. അതുവഴി നികുതിയടവിൽ വരുത്തുന്ന പിഴവുകൾ കണ്ടെത്തുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും അതിനു വേണ്ട നടപടിക്രമ നിയന്ത്രണങ്ങളും വിവരങ്ങൾ ഒത്തുനോക്കലിനും സിസ്റ്റം പര്യാപ്തമാക്കണം.
11. KVATIS ലൂടെയുള്ള റിട്ടേണുകളുടെ സൂക്ഷ്മ പരിശോധന നടത്തുന്നതിന് -KVATIS നെ ശക്തിപ്പെടുത്താൻ സർക്കാർ ശ്രദ്ധിക്കണം .

12. ഫോം 13 A യിൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ള കണക്ക് പ്രകാരമുള്ള ക്ലോസിംഗ് സ്റ്റോക്ക് തന്നെയാണോ തുടർന്നു വരുന്ന വർഷത്തെ ഓപ്പണിംഗ് സ്റ്റോക്ക് എന്നുള്ളത് കണ്ടുപിടിക്കാൻ ആവശ്യമായ വ്യവസ്ഥ KVATIS ൽ ഉൾപ്പെടുത്താൻ വകുപ്പ് ശ്രദ്ധിക്കേണ്ടതാണ്.

13. വിവിധ ഡാറ്റാ ബേസുകളിൽ സൂക്ഷിച്ചിട്ടുള്ള വിവരങ്ങൾ ശേഖരിച്ച് റിട്ടേണുകൾ അപഗ്രഥിക്കാൻ (സൂക്ഷമപരിശോധനയ്ക്ക് വിധേയമാക്കാൻ) കെൽപ്പ് / കഴിവ് സോഫ്റ്റ് വെയറിന് ലഭ്യമാക്കണം.

14. നികുതിയിനത്തിൽ ലഭിക്കുന്ന അധിക വരുമാനവും അതിനാവശ്യമായ ചെലവും താരതമ്യം ചെയ്യുമ്പോൾ ഗുണകരമായതിനാൽ നിലവിലുള്ള സെർവർ നവീകരിക്കുന്നതിന് മുൻകൂട്ടിയുള്ള നടപടികൾ വകുപ്പോ / സംസ്ഥാന സർക്കാരോ സ്വീകരിക്കേണ്ടതാണ്.

15. KVATIS വഴി വിശദമായ ഓഡിറ്റിനു വേണ്ടിയുള്ള High risk dealers നെ കണ്ടെത്തുവാൻ വകുപ്പ് ഓഡിറ്റ് അസ്സസ്സ്മെന്റ് മോഡ്യൂൾ അനുയോജ്യമായ രീതിയിൽ ഭേദഗതി വരുത്തേണ്ടതാണ്.

16. അപ്പീലുകൾ തീർപ്പുകൽപ്പിക്കുന്നത്, പെനാൽറ്റി ചുമത്തുന്നതിന്റെ രീതികൾ, കുടിശ്ശിക ശേഖരിക്കുന്നതിന്റെ പുരോഗതി എന്നിവ നിരീക്ഷിക്കുന്നതിന് മറ്റു മോഡ്യൂളുകൾ ഉപയോഗപ്പെടുത്താൻ വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

17. അത്യാവശ്യമായ / ആവശ്യമായ Management Information System റിപ്പോർട്ടുകൾ സോഫ്റ്റ് വെയറിൽ ലഭ്യമാക്കേണ്ടതുണ്ട്.

18. ഓഫീസ് അധികാരികൾക്കും മറ്റ് ഓഫീസ് ജീവനക്കാർക്കും ആവശ്യമായ പരിശീലനം കാലാനുസൃതമായി കൊടുക്കാൻ വകുപ്പ് ശ്രദ്ധ ചെലുത്തേണ്ടതാണ്.

19. KVATIS നടപ്പിലാക്കിയതിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായ വരുമാന പുരോഗതിയുടെ സാക്ഷാത്ക്കരണം ഇപ്പോഴുള്ള മന്ദഗതിയിലുള്ള സെർവർ / സിസ്റ്റത്തിന്റെ നവീകരിണത്തിലൂടെ സാധ്യമാണ്. ഇതിനുവേണ്ടി ചെലവാക്കേണ്ട തുകയുമായി താരതമ്യം ചെയ്യുമ്പോൾ മതിയായ അധിക വരുമാനം പ്രതീക്ഷിക്കാവുന്നതാണ്.

20. KVATIS ലൂടെ ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ജാഗ്രത പാലിക്കേണ്ട മേഖലകൾ കണ്ടെത്തി ഓഫീസ് റെക്കോർഡുകൾ പരിശോധിക്കുന്നതിനാവശ്യമയ നിബന്ധനകൾ വകുപ്പ് ഉണ്ടാക്കേണ്ടതാണ്.

Jayesh

സെക്ഷൻ ഓഫീസർ